കുറിപ്പുകൾ

ശൈഖ് മുഹമ്മദ് കാരകുന്ന്

# പുഞ്ചിരിയിലെ പുണ്യം

**ശരീരഭാഷയെ സംബന്ധിച്ച നിരവധി പരാമർശങ്ങൾ വിശുദ്ധ ഖുർആനിലും പ്രവാചക ചര്യയിലുമുണ്ട്. വാക്കുകൾ പോലെ അതും വിനയവും സ്നേഹവും സൗഹാർദവും മമതയും സന്തോഷവും സംതൃപ്തിയും പ്രകടിപ്പിക്കുന്നതായിരിക്കണം. അഹങ്കാരമോ വെറുപ്പോ വിദ്വേഷമോ ശത്രുതയോ മടുപ്പോ അലോസരമോ പ്രകാശിപ്പിക്കുന്നതാവരുത്.**



**മനസ്സിന്റെ** കഴിവ് അപാരമാണ്. അത് അളന്നു കണക്കാക്കാൻ കഴിയില്ല. ലോകത്തെ ഏറ്റവും സംഹാരശേഷിയുള്ള ബോംബിനേക്കാൾ ശക്തിയുണ്ടതിന്. ബോംബ് ഉൾപ്പെടെ എല്ലാം പ്രായോഗിക രൂപം പ്രാപിക്കുന്നതിന് മുമ്പ് രൂപപ്പെടുന്നത് മനുഷ്യ മനസ്സിലാണല്ലോ. അതിനാൽ നിർമാണവും സംഹാരവും നടത്തുന്നത് അവസാന വിശകലനത്തിൽ മനസ്സാണ്. യുദ്ധവും സന്ധിയും സംഘർഷവും സമാധാനവും നന്മയും തിന്മയും ധർമവും അധർമവും നീതിയും അനീതിയുമെല്ലാം ജന്മം കൊള്ളുന്നത് അവിടെയാണ്.

ഇപ്രകാരം തന്നെ വികാരങ്ങളുടെ പ്രഭവ കേന്ദ്രം ആത്മാവാണ്. സ്നേഹം, വെറുപ്പ്, സന്തോഷം, ദുഃഖം, അഭിമാനം, അപമാനം, അസൂയ, അനുകമ്പ, കാരുണ്യം, ക്രൂരത തുടങ്ങിയവയെല്ലാം രൂപം കൊള്ളുന്നത് ആത്മാവിലാണ്. സാധാരണ നാമതിനെ ഹൃദയമെന്ന് വിളിക്കുന്നു. അതിനാൽ കൈയും കാലും കണ്ണും

കാതും നാക്കും മൂക്കുമുൾപ്പെടെ ശരീരവും ശാരീരികാവയവങ്ങളും മനസ്സിന്റെ തീരുമാനങ്ങളും ഹൃദയവികാരങ്ങളും പ്രകടിപ്പിക്കുകയും പ്രയോഗവൽക്കരിക്കുകയും ചെയ്യുന്ന ഉപകരണങ്ങളാണ്. ശരീരത്തിന്റെ ഹാവ ഭാവങ്ങളും ചലന കർമങ്ങളും മനസ്സിനെയും ഹൃദയത്തെയും പ്രതിനിധീകരിക്കുന്നുവെന്നർഥം. വാക്കുകളും പ്രവൃത്തികളും പോലെ ഹാവ ഭാവങ്ങളും പ്രധാനമായിത്തീരുന്നത് അതിനാലാണ്.

സംസാരം പോലെ മൗനവും ആശയ പ്രകാശനോപാധിയാണ്. വാക്കുകൾക്കെന്നപോലെ ശരീരഭാവങ്ങൾക്കും ഭാഷയുണ്ട്. ഇസ്‌ലാം ഈ വസ്തുതയും അംഗീകരിക്കുന്നു. ശരീരഭാഷക്ക് പ്രാധാന്യം കൽപിക്കുന്നു. അതിനെ ജയാപജയങ്ങളുടെയും സ്വർഗ നരകങ്ങളുടെയും മാനദണ്ഡമായി നിശ്ചയിച്ചിരിക്കുന്നു.

മനുഷ്യനിലെ ഏറ്റവും നല്ല വികാരമാണ് വിനയം; അഹങ്കാരം ഏറ്റം ചീത്ത വികാരവും. നാവിന്റെയെന്ന പോലെ മറ്റു അവയവങ്ങളുടെ ചലനങ്ങളും ഈ വികാരങ്ങളെ വളരെ ശക്തമായിത്തന്നെ പ്രകടിപ്പിക്കുന്നു. അതിനാലാണ് ഇസ്‌ലാം സംസാരഭാഷ പോലെത്തന്നെ ശരീരഭാഷയെയും പരിഗണിക്കുന്നത്. ഒരു കൊടിയ കുറ്റവാളിയുടെ ചെയ്തികളെ ഖുർആൻ നിശിതമായി നിരൂപിക്കുന്നു: "അവൻ ചിന്തിച്ചു. ചിലത് ചെയ്യാനുറച്ചു. അതിനാലവന് ശാപം. എങ്ങനെ ചെയ്യാനാണവനുറച്ചത്? വീണ്ടും അവനു നാശം. എങ്ങനെ പ്രവർത്തിക്കാനാണവൻ തീരുമാനിച്ചത്? പിന്നെ അവനൊന്നു നോക്കി. എന്നിട്ട് മുഖം കോട്ടി. നെറ്റി ചുളിച്ചു. പിന്നെ പിന്തിരിയുകയും അഹങ്കരിക്കുകയും ചെയ്തു" (74:18-23).

അന്ധനായ അബ്ദുല്ലാഹിബ്നു ഉമ്മി മക്തൂം കടന്നുവന്നപ്പോഴുണ്ടായ പ്രവാചകന്റെ ഭാവത്തെ ഖുർആൻ നിരൂപണം നടത്തുന്നു: "അദ്ദേഹം നെറ്റിചുളിച്ചു, മുഖം തിരിച്ചു; അന്ധന്റെ വരവുകാരണം. നിനക്കെന്തറിയാം? ഒരുവേള അയാൾ വിശുദ്ധി വരിച്ചെങ്കിലോ? അഥവാ, ഉപദേശം ശ്രദ്ധിക്കുകയും ആ ഉപദേശം അയാൾക്ക് ഉപകരിക്കുകയും ചെയ്തേക്കാമല്ലോ" (80:1-4).

മുഖഭാവം പോലെ തന്നെ പ്രധാനമാണ് കൈകാലുകളുടെ ചലനങ്ങളും. അതിനാലാണ് നടത്തത്തിന്റെ കാര്യം ഖുർആൻ പലയിടങ്ങളിൽ പരാമർശിച്ചത്.

"നീ ജനങ്ങളുടെ നേരെ മുഖം കോട്ടരുത്. പൊങ്ങച്ചത്തോടെ ഭൂമിയിൽ നടക്കരുത്. അഹന്ത നടിച്ചും പൊങ്ങച്ചം കാണിച്ചും നടക്കുന്ന ആരെയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല; തീർച്ച. നീ നിന്റെ നടത്തത്തിൽ മിതത്വം പുലർത്തുക. ശബ്ദത്തിൽ ഒതുക്കം പാലിക്കുക. തീർച്ചയായും ഒച്ചകളിലേറ്റം അരോചകം കഴുതയുടെ ശബ്ദംതന്നെ" (31:18,19).

അല്ലാഹുവിന്റെ അനുസരണമുള്ള അടിമകളുടെ സവിശേഷതകൾ വിശദീകരിക്കവെ വിശുദ്ധ ഖുർആൻ പറയുന്നു: "പരമകാരുണികനായ അല്ലാഹുവിന്റെ അടിമകൾ ഭൂമിയിൽ വിനയത്തോടെ നടക്കുന്നവരാണ്. അവിവേകികൾ വാദകോലാഹലത്തിനു വന്നാൽ 'നിങ്ങൾക്കു സമാധാനം' എന്നു മാത്രം പറഞ്ഞൊഴിയുന്നവരാണവർ" (25:63).

അഹങ്കാരത്തോടെയുള്ള നടത്തത്തെ ഖുർആൻ രൂക്ഷമായി ആക്ഷേപിക്കുന്നു. "നീ ഭൂമിയിൽ അഹങ്കരിച്ചു നടക്കരുത്. ഭൂമിയെ പിളർക്കാനൊന്നും നിനക്കാവില്ല. പർവതങ്ങളോളം ഉയരാനും നിനക്കാവില്ല, ഉറപ്പ്" (17:37).

ഒരു സ്ത്രീയുടെ മാന്യമായ നടത്തത്തെ ഖുർആൻ വരച്ചുകാണിക്കുന്നു: "അപ്പോൾ ആ രണ്ട് സ്ത്രീകളിലൊരുവൾ ലജ്ജയോടെ അദ്ദേഹത്തിന്റെ അടുത്തേക്ക് നടന്നുവന്നു. അവളിങ്ങനെ പറഞ്ഞു: താങ്കൾ ഞങ്ങൾക്കു വേണ്ടി ആടുകൾക്ക് വെള്ളം നൽകി. അതിനുള്ള പ്രതിഫലം തരാൻ താങ്കളെ എന്റെ പിതാവ് വിളിക്കുന്നു"

(28:25).

ഇവ്വിധം ശരീരഭാഷയെ സംബന്ധിച്ച നിരവധി പരാമർശങ്ങൾ വിശുദ്ധ ഖുർആനിലും പ്രവാചക ചര്യയിലുമുണ്ട്. വാക്കുകൾ പോലെ അതും വിനയവും സ്നേഹവും സൗഹാർദവും മമതയും സന്തോഷവും സംതൃപ്തിയും പ്രകടിപ്പിക്കുന്നതായിരിക്കണം. അഹങ്കാരമോ വെറുപ്പോ വിദ്വേഷമോ ശത്രുതയോ മടുപ്പോ അലോസരമോ പ്രകാശിപ്പിക്കുന്നതാവരുത്.

ശരീരഭാഷയിൽ ഏറ്റവും പ്രധാനവും അനിവാര്യവുമായത് പുഞ്ചിരിയാണ്. അത് ഹൃദയത്തിന്റെ സന്തോഷത്തെയും സംതൃപ്തിയെയും പ്രസാദാത്മകതയെയും സ്നേഹത്തെയും സൗഹൃദത്തെയും ഇഷ്ടത്തെയും അടുപ്പത്തെയും വിളംബരം ചെയ്യുന്നു. കാഴ്ചക്കാരിൽ താൽപര്യവും കൗതുകവുമുണർത്തുന്നു. അത് അകന്നവരെ അടുപ്പിക്കുന്നു. ശത്രുക്കളെ മിത്രങ്ങളാക്കുന്നു. മറ്റുള്ളവരെ ആകർഷിക്കാനും സന്തോഷിപ്പിക്കാനും ഏറ്റവും ഫലപ്രദമായ ശരീരഭാഷ പുഞ്ചിരി തന്നെ. പ്രവാചകന്റെ പുഞ്ചിരിയെ സംബന്ധിച്ച് ഇരുന്നൂറിലേറെ പരാമർശങ്ങൾ ഹദീസ് ഗ്രന്ഥങ്ങളിൽ വന്നിട്ടുണ്ട്. അവിടുന്ന് അരുൾ ചെയ്യുന്നു: "നീ നിന്റെ സഹോദരന്റെ മുഖത്തു നോക്കി പുഞ്ചിരിക്കുന്നത് ധർമമാണ്" (ഇബ്നു ഹിബ്ബാൻ).

അധ്വാനമോ സാമ്പത്തിക ബാധ്യതയോ ഒട്ടും ഇല്ലാത്ത മഹത്തായ പുണ്യകർമമാണത്. ദാനമെന്നാണ് അതിനെ പ്രവാചകൻ വിശേഷിപ്പിച്ചത്. പുഞ്ചിരി കുടുംബജീവിതത്തെ ഭദ്രവും സാമൂഹിക ഘടനയെ ആരോഗ്യകരവുമാക്കുന്നതിൽ മഹത്തായ പങ്കു വഹിക്കുന്നു. മുഖത്ത് സദാ പുഞ്ചിരി പ്രകടമാകാൻ ബോധപൂർവമായ ശ്രമം നടത്താൻ വിശ്വാസികൾ ബാധ്യസ്ഥരാണ്. ആർക്കും എപ്പോഴും നൽകാൻ കഴിയുന്ന മഹത്തായ ദാനവും അനായാസം നേടാവുന്ന പുണ്യവുമാണ് അതെന്നോർക്കുക. ■